# എന്റെ ജമാഅത്തിലേക്കുള്ള പാത

ഇ.വി. ആലിക്കുട്ടി മൗലവി

1946 മുതൽ 48 വരെ തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം അറബിക് കോളേജിലാണ് ഞാൻ പഠിച്ചിരുന്നത്. പുതുതായി ആരംഭിച്ച പ്രസ്തുത കോളേജിൽ വിദ്യാർഥികളായി 20 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടി. അബ്ദുൽ അസീസ്, പി.പി. അബ്ദുൽ ഗഫൂർ, എ.എം. അബ്ദുല്ല, കെ.പി. അഹമ്മദ്കുട്ടി, എം. ഉമർ, ടി. അബ്ദുസ്സമദ് തുടങ്ങി പിന്നീട് പ്രഗദ്ഭരായിത്തീർന്ന പലരും ഈ കൂട്ടത്തിലുണ്ടായിരുന്നു. കോളേജിന്ന് തൊട്ടടുത്തുള്ള ചെനക്കലെ പള്ളിയിലാണ് ഞങ്ങൾ രാത്രി ഉറങ്ങിയിരുന്നതും ഒഴിവ് സമയങ്ങളിൽ വായിച്ചിരുന്നതും. ഒരു ദിവസം പള്ളിയിൽ ചെന്നപ്പോൾ അപരിചിതരായ രണ്ട് പേർ അവിടെ ഇരിക്കുന്നത് കണ്ടു. ഞങ്ങളുടെ കൂട്ടത്തിൽ കൂടുതൽ പ്രായവും ലോകവിവരവുമുള്ളവൻ തൃപ്പനച്ചിക്കാരൻ മുഹമ്മദായിരുന്നു. അദ്ദേഹം അവരുമായി പലതും സംസാരിക്കുന്നത് കണ്ടു. അടുത്ത് ചെന്ന് ശ്രദ്ധിച്ചെങ്കിലും ഒന്നും മനസ്സിലായില്ല. ജമാഅത്തെ ഇസ്‌ലാമി എന്നെല്ലാം അവർ പറയുന്നത് കേട്ടു. പക്ഷെ, അതിലൊന്നും അത്ര താൽപര്യം തോന്നിയില്ല. ഞാനാദ്യമായാണ് അങ്ങനെയൊന്ന് കേൾക്കുന്നത്. അവർ പിരിഞ്ഞ് പോയതിന് ശേഷമാണ് മൗദൂദികളുടെ കേരളനേതാവ് മുഹമ്മദലി ഹാജിയും കൂട്ടുകാരൻ താജുദ്ദീൻ സാഹിബുമായിരുന്നു ആ അപരിചിതരെന്ന് അറിയാൻ കഴിഞ്ഞത്. എന്തോ അവ്യക്തമായൊരു വശ്യശക്തി മുഹമ്മദലി ഹാജിയുടെ മുഖത്ത് ദൃശ്യമായിരുന്നു. അത്, അദ്ദേഹത്തെക്കുറിച്ച ഒരു മതിപ്പ് എന്റെ മനസ്സിൽ സൃഷ്ടിച്ചു. അന്നെനിക്ക് 15 വയസ്സ് പ്രായമായിരുന്നു.

അതിന് അടുത്താണ് ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയത്. സ്വാതന്ത്ര്യാനന്തരം സത്താർ സേട്ട് തുടങ്ങിയ ലീഗ് നേതാക്കൾ പാകിസ്ഥാനിലേക്ക് പോയതിനെ കോൺഗ്രസുകാർ ആക്ഷേപിക്കുന്നത് ഞാൻ കേട്ടിരുന്നു. പൊതുവെ എന്റെ കുടുംബം കോൺഗ്രസ് മനസ്ഥിതിയുള്ളവരായിരുന്നു. അത് കൊണ്ട് ലീഗിനോട് പ്രത്യേകം ഒരു വെറുപ്പ് എനിക്കുണ്ടായിരുന്നു. എന്റെ സഹപാഠിയായിരുന്ന മുന്നിയൂർ തങ്ങൾ കുടുംബത്തിൽ പെട്ട സയ്യിദ് ഹുസൈൻ ഐദീദ് (S.H. ഐദീദ്) എന്നൊരാളുണ്ടായിരുന്നു. ഞങ്ങൾ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു. ഒരിക്കൽ, കോഴിക്കോട് കാണാൻ വേണ്ടി അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി. ഇശാനമസ്കാരത്തിനു കുറ്റിച്ചിറ പള്ളിയിലാണ് സംബന്ധിച്ചത്. നമസ്കാരം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു പോയെങ്കിലും രണ്ട് ചെറുപ്പക്കാർ, സുന്നത്ത് നമസ്കാരവും പ്രാർഥനയുമായി ദീർഘനേരം അവിടെ ഇരുന്നത് എന്നെ വല്ലാതെ ആകർഷിച്ചു. അവർ പ്രാർഥനയിൽ നിന്ന് വിരമിക്കുന്നത് വരെ ഐദീദ് അവരെ കാത്തിരുന്നു. എനിക്ക് അവരെ പരിചയപ്പെടുത്തി. അവർ ജമാഅത്ത്കാരാണ്. ഒരാൾ 10-ാം ക്ലാസിലും മറ്റേയാൾ 8-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർഥികൾ. ഒരാൾ കോഴിക്കോട്ടുകാരൻ ബിച്ചമ്മതും മറ്റേയാൾ പെരുമ്പടപ്പുകാരൻ സെയ്തും. ജമാഅത്തെ ഇസ്‌ലാമയെക്കുറിച്ച് അന്നെനിക്ക് യാതൊന്നും അറിയില്ലായിരുന്നുവെങ്കിലും, ഈ വിദ്യാർഥികളെ ഇതേ രൂപത്തിൽ ആക്കിത്തീർത്ത ഒരു സംഘടന എന്ന നിലക്ക് എനിക്കതിന്റെ നേരെ ബഹുമാനം തോന്നി. ഐദീദ് ബോധപൂർവമാണ് അവരുമായി എന്നെ പരിചയപ്പെടുത്തിയതെന്ന് പിന്നീടാണെനിക്ക് മനസ്സിലായത്.

കോളേജിലെ അടുത്ത സാഹിത്യസമാജ യോഗത്തിൽ ലീഗ് നേതാക്കളെ ആക്ഷേപിച്ചും ജമാഅത്തെ ഇസ്‌ലാമിയെ പ്രശംസിച്ചും കൊണ്ട് ഞാൻ സംസാരിച്ചു. എന്നെ തുടർന്ന് ടി. അബ്ദുസമദും (ജ: കെ.എം. മൗലവിയുടെ മകൻ) ജമാഅത്തിനെ അനുകൂലിച്ചു സംസാരിച്ചു. വിവരം അധ്യാപകന്മാർ അറിഞ്ഞു. മർഹൂം പി.വി. മുഹമ്മദ് മൗലവി, അബ്ദുൽ ലത്തീഫ് മൗലവി, ഇ.കെ. മൗലവി എന്നിവർ അന്നവിടെ അധ്യാപകരായിരുന്നു.

അന്ന് സന്ധ്യക്ക് ശേഷം കെ.എം. മൗലവി (റ) എന്നെ വീട്ടിലേക്കു വിളിപ്പിച്ചു. വളരെ നേരം ഉപദേശിച്ച് എന്റെ അഭിപ്രായങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുത്തി. മറുത്ത് ഒന്നും പറയാൻ എനിക്കറിയുകയില്ലായിരുന്നു. അബ്ദുസ്സമദിനോടും എന്നോടും പശ്ചാതപിക്കാൻ ആവശ്യപ്പെട്ടു. ഞങ്ങൾ അപ്രകാരം ചെയ്തു. അന്ന് അദ്ദേഹം പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. ''അനിസ്‌ലാമിക ഗവൺമെന്റിൽ ഉദ്യോഗം വഹിക്കാൻ പാടില്ലെന്ന് മൗദൂദി സാഹിബ് പറയുന്നു. എന്നാൽ യൂസുഫ് നബി ഒരു അമുസ്‌ലിം രാജാവിന്റെ കീഴിൽ ഉദ്യോഗം വരിച്ചിരുന്നു.” അടുത്ത ആഴ്ച സാഹിത്യ സമാജ യോഗത്തിൽ അസാധാരണമായി ഉസ്താദുമാർ എല്ലാവരും നേരത്തെ തന്നെ സ്ഥലം പിടിച്ചു. കെ.എം. മൗലവിയായിരുന്നു അധ്യക്ഷൻ. ആമുഖപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: “മൗദൂദി സാഹിബിന്റെ ലേഖനങ്ങൾ ഞാൻ ധാരാളമായി വായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തർജുമാൻ അൽമുർശിദീന് പകരം വരാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കഴിവിനെക്കുറിച്ച് ഞങ്ങൾ അഭിമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില ഉർദു ലേഖനങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്ത് ഞാൻ അൽമുർശിദിൽ ചേർത്തിട്ടുണ്ട്. പിന്നീടാണ് ഈ ഇരിക്കുന്ന പി.വി. മുഹമ്മദ് മൗലവി പറഞ്ഞത്, ഇദ്ദേഹം മീർസാ ആയേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു എന്ന്. അത് മുതൽ ഞാനദ്ദേഹത്തെ ശ്രദ്ധിച്ചുവരികയാണ്. ഇപ്പോൾ എനിക്കും തോന്നുന്നുണ്ട്, പി.വി. പറഞ്ഞത് സംഭവിച്ചേക്കുമെന്ന്” തുടർന്ന് ഓരോ അധ്യാപകരും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. അതൊന്നും ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. അവസാനമായി എന്റെയും അബ്ദുസമദിന്റെയും പരസ്യമായ തൗബയോടു കൂടി ആ രംഗം പര്യവസാനിച്ചു.

സംഘടനാപരമായി ജമാഅത്തുമായി ഒരു ബന്ധവും എനിക്കില്ലാത്തതുകൊണ്ടായിരിക്കണം, പിന്നീടാരുമായും എനിക്ക് ബന്ധപ്പെടാൻ കഴിയാതിരുന്നത്. എന്നാൽ, ബിച്ചമ്മദ് സാഹിബ് ഐദീദിന്നയച്ച ഒരു

കത്തിൽ തൗബ ചെയ്ത സഹോദരനും സലാം പറയുക എന്നെഴുതിയതായി കണ്ടു. അത്രമാത്രം.

1948 ജൂലായ് മാസത്തിലാണ് ഞാൻ മദീനത്തുൽ ഉലൂം അറബി കോളേജി(പുളിക്കൽ)ൽ ചേർന്നത്. ഞങ്ങൾ തിരൂരങ്ങാടിയിൽ പഠിക്കുമ്പോഴാണ് വാഴക്കാട് ദാറുൽ ഉലൂം അറബി കോളേജ് തിരൂരങ്ങാടിയിൽ പറിച്ചുനട്ടത്. അവിടെനിന്നത് പുളിക്കലേക്കും കൊണ്ടുപോയി. തിരൂരങ്ങാടിയിലായിരിക്കുമ്പോൾ മദീനത്തിലെ ചില അധ്യാപകർ ഞങ്ങൾക്കും ക്ലാസ് എടുത്തിരുന്നു. അത്കൊണ്ട് മദീനത്തുൽ ഉലൂമിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന അധ്യാപകരിൽ അധികപേരും എന്റെ ഉസ്താദുമാരോ പരിചിതരോ ആയിരുന്നു. എന്നെ ചേർക്കുന്നതിൽ ചില അധ്യാപകർക്ക് ആശങ്കയുള്ളതായി അവിടത്തെ ഒരു പ്രാധാന അധ്യാപകനായിരുന്ന ആലിക്കുട്ടി മൗലവി എന്നോടു പറഞ്ഞു. ഒന്ന്, ഞാൻ ജമാഅത്തുകാരനായി ഒരിക്കൽ പ്രത്യക്ഷപ്പെട്ടിരുന്നുവെന്നതും, രണ്ടാമത്തേത്, തിരൂരങ്ങാടിയിൽ വിദ്യാർഥികൾ നടത്തിയ സഹന സമരത്തിന്റെ നേതൃത്വം എനിക്കായിരുന്നു എന്നതും. എങ്കിലും അതൊക്കെ കഴിഞ്ഞ കാലസംഭവങ്ങൾ എന്ന നിലക്ക് വിട്ടുവീഴ്ച നൽകി എന്നെ അവിടെ ചേർത്തു. പിന്നീട് കുറെ കാലത്തേക്ക് ജമാഅത്തിനെ സംബന്ധിച്ച് ഒന്നും തന്നെ ഞാൻ സംസാരിക്കാറില്ല. ആർക്കും എന്നെ കുറിച്ച് ഒരു സംശയവുമില്ല. ആയിടക്കാണ് കെ. മൗയ്തു മൗലവി അഞ്ച് വിദ്യാർഥികളെ അവിടെ കൊണ്ടു വന്ന് ചേർത്തത്. കെ. അബ്ദുസലാം, വാണിമേൽ മൂസ തുടങ്ങി അഞ്ചു പേർ. ഈ വിദ്യാർഥികൾ ജമാഅത്ത് അനുഭാവികളാണെന്ന് രഹസ്യമായി എനിക്കറിയാൻ കഴിഞ്ഞു. അത് കൊണ്ടാവണം അവരുമായി ഞാൻ കൂടുതൽ അടുത്തു. പക്ഷെ, അപ്പോഴും ജമാഅത്തിനെക്കുറിച്ച് യാതൊന്നും എനിക്കറിയുകയില്ലായിരുന്നു. ഒന്നും ഞാൻ വായിച്ചിട്ടുമില്ല. ഒരു ക്ലാസ് പോലും കേട്ടിട്ടില്ല. ചില കാരണങ്ങൾപറഞ്ഞ് ഈ അഞ്ചുപേരെയും അധികം കഴിയുന്നതിനുമുമ്പ് കേളേജിൽനിന്ന് പുറത്താക്കി. അവരെ സാന്ത്വനിപ്പിക്കുന്ന ഒരു അറബി കാവ്യം ഞാൻ അവർക്കെഴിതി കൊടുത്തു. അതിൽ ഈ കടും കൃത്യം ചെയ്ത കേളേജധികൃതരെ ആക്ഷേപിച്ചിരുന്നു. എന്തോ കാരണത്താൽ അത് അവിടെത്തന്നെ ഇട്ട് കൊണ്ടാണ് അവർ പോയത്. രാവിലെ ആദ്യം പള്ളിയിലെത്തിയ അധ്യാപകന്റെ കയ്യിൽ തന്നെ അത് കിട്ടി. തകൃതിയായി അന്വേഷണവും വിചാരണയും മറ്റുമായി. ഒരു കവിത എന്നതലുപരി അതിൽ യാതൊരു കഴമ്പുമില്ല എന്ന് പറഞ്ഞ് രക്ഷപ്പെട്ടു.

ടി.കെ. അബ്ദുല്ലാ സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, കെ.എം. അബ്ദുൽ അഹദ് തങ്ങൾ എന്നിവരാണ് ജമാഅത്ത്കാരായി അന്നവിടെയുണ്ടായിരുന്നത്. ഉർദു പഠിക്കാനായി ഞാൻ ടി.കെ. അബ്ദുല്ലാ സാഹിബിനെ സമീപിച്ചു. അൽപം ഉർദു എനിക്കറിയാം എന്ന് മനസ്സിലാക്കിയത് കൊണ്ടായിരിക്കണം റൂദാദ് ജമാഅത്ത് (ജമാഅത്തിന്റെ റിപ്പോർട്ട്) ആണ് അദ്ദേഹം എനിക്ക് വായിച്ചുതന്നിരുന്നത്. ആ പഠനം എന്തുകൊണ്ടോ അധിക ദിവസം നീണ്ടുനിന്നില്ല.

ടി.കെ.യും ഇസ്ഹാഖലി മൗലവിയും തങ്ങളും അവിടെ നിന്ന് പോയപ്പോഴാണ് എന്റെ ഉള്ളിന്റെ ഉള്ളിൽ സ്ഥലം പിടിച്ചിരുന്ന ജമാഅത്ത് പുറത്ത് വന്നത്. അങ്ങനെ ജമാഅത്തിനെക്കുറിച്ച് പഠിക്കുകയും ജമാഅത്ത് നേതാക്കളുമായി ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അതിന് എന്നെ പുറത്ത് നിന്ന് സഹായിച്ചിരുന്നത് മർഹൂം പി.വി. കുഞ്ഞിമൊയ്തീൻ മൗലവിയായിരുന്നു. അദ്ദേഹമന്ന് റൗളത്തുൽ ഉലൂമിൽ പഠിപ്പിക്കുകയായിരുന്നു. പുളിക്കൽ സ്വദേശിയായത്കൊണ്ട് മിക്കപ്പോഴും അദ്ദേഹവുമായി സന്ധിക്കാൻ എനിക്ക് സാധിക്കുമായിരുന്നു. അന്ന് എടയൂർവെച്ച് നടന്നിരുന്ന 'നുഖബാ' യോഗത്തിൽ ചിലപ്പോൾ ഞാൻ പങ്കെടുക്കാറുണ്ടായിരുന്നു. കൊണ്ടോട്ടിയിൽ ക്ലാസുകൾ നടത്തുകയും ചെയ്തിരുന്നു.

1952 വരെ ഇങ്ങനെ നീങ്ങി. ആ വർഷം ശാന്തപുരത്ത് നടന്ന സ്റ്റേറ്റ് സമ്മേളനത്തിൽ പി.വി.യോടൊപ്പം ഞാനും സംബന്ധിച്ചു. പൈസയില്ലാത്തതുകൊണ്ട് പുളിക്കൽ നിന്ന് ശാന്തപുരം വരെ മിക്കവാറും നടന്നാണ് ഞങ്ങൾ പോയതും വന്നതും! യോഗത്തിനു ശേഷം താടി വളർത്താൻ തുടങ്ങിയതാണ് ജമാഅത്തിന്റെ ലേബലായി അവരന്ന് കണ്ടത്. പിന്നീട് പരിഹാസവും കുത്തുവാക്കുകളുമായിരുന്നു എവിടെയും. ക്ലാസിൽപോലും ഇത് വളരെ പ്രകടമായിരുന്നു. ആയിടെയാണ് എൻ.കെ. അബ്ദുൽ ഖാദിർ മൗലവി അവിടെ വിദ്യാർഥിയായി ചേർന്നത്. വിദ്യാർഥികളിൽ തൊണ്ണൂറ്റഞ്ചു ശതമാനവും ജമാഅത്ത് വിരുദ്ധരായിരുന്നു. ബാക്കിയുള്ളവർ ജമാഅത്തിന്റെ അനുഭാവികളോ നിക്പക്ഷരോ ആയിരുന്നു. ഫൈനൽ ക്ലാസിലായിരുന്നു എൻ.കെ.യും കെ.പി. അഹമ്മദ് കുട്ടിയും ഞാനും. അതുകൊണ്ട് വിജ്ഞാനരംഗത്ത് ഞങ്ങൾക്ക് വലിയ പരാജയം നേരിട്ടില്ല. 11 പേരാണ് ജമാഅത്തിനെ അനുകൂലിക്കുന്നവരായി ഉണ്ടായിരുന്നത്. സാഹിത്യ സമാജത്തിലൂടെയാണ് മത്സരം അധികവും പ്രകടമാവുക. സാഹിത്യ സമാജത്തിൽ ഏതെങ്കിലും ഒരധ്യാപകനാണ് അദ്ധ്യക്ഷനായിരിക്കുക. സമാജത്തിന്റെ ഒരു യോഗത്തിൽ 'ഇസ്‌ലാമിക പ്രബോധനവും മുസ്‌ലിം സംഘടനകളും' എന്ന വിഷയം ചർച്ചക്ക് നിശ്ചയിച്ചു. ഉപന്യാസം ഏറ്റിരുന്നത് ഞാനാണ്. യോഗത്തോടുകൂടി എന്തോ സംഭവിക്കാൻ പോകുന്ന പ്രതീതി അവിടെയെല്ലാം പരന്നു. എവിടെയും കുശുകുശുക്കൽ. എന്തു വന്നാലും നേരിടുക തന്നെ എന്ന ഭാവത്തിലായിരുന്നു ഞങ്ങളും. യോഗാദ്ധ്യക്ഷൻ പ്രിൻസിപ്പൽ എം.സി.സി. അബ്ദു റഹ്മാൻ മൗലവി. ഭയം തോന്നുന്ന കണ്ണും ഭാവവുമായിരുന്നു അദ്ദേഹത്തിന്റേത്. വിദ്യാർഥികൾക്കും അധ്യാപകർക്കു തന്നെയും അദ്ദേഹത്തെ വളരെ പേടിയായിരുന്നു. കഴിഞ്ഞ നാലഞ്ചു വർഷമായി ഒരു യോഗത്തിൽ പോലും അദ്ദേഹത്തെ അധ്യക്ഷനായി കണ്ടിട്ടില്ല. ഉപന്യാസത്തിൽ ഞാൻ സമർഥിച്ച ഒരു കാര്യം, മുസ്‌ലിംകൾ മതപരം, രാഷ്ട്രീയം എന്നിങ്ങനെ ജീവിതത്തെ രണ്ടായി വിഭജിക്കുകയും മതപരമായി ഒരേ ആശയത്തിൽ ജീവിക്കുന്നവർ തന്നെ രാഷ്ട്രീയമായി വിവിധ പാർട്ടികളിൽ അണിനിരക്കുകയും ചെയ്താൽ അവർക്ക് ഒന്നിച്ച് പ്രവർത്തിക്കാൻ സാധിക്കുകയില്ല എന്നതായിരുന്നു. ഉദാഹരണത്തിന് ഇ. മൊയ്തു മൗലവി, കെ.എം. മൗലവി എന്നീ കേരളീയ നേതാക്കളെയും മൗലാനാ ആസാദ്, ശബീർ അഹ്മദ് ഉസ്മാനി എന്നീ അഖിലേന്ത്യാ നേതാക്കളെയും എടുത്തുകാട്ടി.

പ്രബന്ധാവതരണം കഴിഞ്ഞപ്പോൾ പ്രിൻസിപ്പാൾ എഴുന്നേറ്റ് നേരെ ഓഫീസിലേക്ക് പോയി. ഒരാൾ വന്ന് എന്നെ വിളിക്കുന്നതായി അറിയിച്ചു. എന്നെ കണ്ടപ്പോൾ ദേഷ്യഭാവത്തിൽ, എന്തിനാണ് മുനാഫിഖായി ഇവിടെ നിൽക്കുന്നത്, നിങ്ങൾക്ക് നിങ്ങളുടേതായ കോളേജുകളുണ്ടല്ലോ എന്നാണദ്ദേഹം പറഞ്ഞത്. വളരെ വിനയത്തോടും താഴ്മയോടും കൂടി ഞാൻ പറഞ്ഞു: "നിഫാഖൊന്നും ഇതിലില്ല. ഖുർആനും ഹദീസുമാണ് ഇവിടെ പഠിപ്പിക്കുന്നത്. അത് തന്നെയാണ് എനിക്ക് പഠിക്കേണ്ടതും." വീണ്ടും അദ്ദേഹം ചോദിച്ചു: ഇത് കേരള ജംഇയ്യത്തുൽ ഉലമ നടത്തുന്ന സ്ഥാപനമാണെന്നറിയില്ലേ. അതിന്റെ ആദർശം പഠിപ്പിക്കാനുള്ളതാണ്. ഉടനെ ഞാൻ പ്രതികരിച്ചു. ആ ആദർശമാണല്ലോ ഖുർആനും ഹദീസും പഠിപ്പിക്കുക എന്നത്. ഇവിടത്തെ നിയമങ്ങളും വ്യവസ്ഥകളും പാലിച്ചു നിൽക്കാൻ പറ്റുമോ എന്ന് അദ്ദേഹം വീണ്ടും ചോദിച്ചു. "തീർച്ചയായും ഞാൻ ഒരിക്കലും അത് ലംഘിച്ചിട്ടില്ല" എന്ന് ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം: നീ കൊണ്ടോട്ടിയിൽ ക്ലാസെടുത്തില്ലേ? ഞാൻ: അതും ഇവിടെ നിന്ന് അനുവാദം വാങ്ങിച്ച് മാത്രം. ഖുർആൻ ക്ലാസെടുക്കുന്നത് എങ്ങിനെയാണ് കോളേജ് വ്യവസ്ഥക്ക് എതിരാവുന്നത്?

പിന്നീടദ്ദേഹം ഒന്നും പറഞ്ഞില്ല. നേരെ യോഗസ്ഥലത്തേക്ക് നടന്നു. ഞാൻ പുറകിലും. ഉപന്യാസത്തെ അധികരിച്ചുള്ള ചർച്ച നടക്കുകയായിരുന്നു. ആവേശത്തോടും അമർഷത്തോടും കൂടിയ നിരൂപണങ്ങൾ. എല്ലാം കേട്ടു ഉപന്യാസ കർത്താവെന്ന നിലക്ക് ശക്തിയായ ഭാഷയിൽ തന്നെ മറുപടിയും പറഞ്ഞു. യോഗം പിരിഞ്ഞു. അടുത്ത ദിവസം കാലത്ത് 8 മണി

മുതൽ 4 മണിവരെ നീണ്ടു നിന്ന ഒരു ക്ലാസ് മുഴുവൻ വിദ്യാർഥികൾക്കുമായി പ്രിൻസിപ്പാൾ നടത്തുകയുണ്ടായി. ജമാഅത്ത് തന്നെയായിരുന്നു വിഷയം. ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകിയിരുന്നു. പലരും ചോദിച്ചു. അദ്ദേഹം മറുപടിയും പറഞ്ഞു. ഞാൻ ഒന്നും ചോദിച്ചില്ല. എന്നോടു ചോദിക്കാൻ പല വിദ്യാർഥികളും ആവശ്യപ്പെട്ടു. ഞാൻ ഒന്നും മിണ്ടിയില്ല. യോഗം കഴിഞ്ഞപ്പോൾ നമ്മുടെ അനുകൂലികളായ വിദ്യാർഥികളോടു കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം വലിയ പണ്ഡിതനാണ്. പ്രിൻസിപ്പാളാണ്. അറിവും അധികാരവും അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുന്നു. ആ നിലക്ക് ഒരു പൊതു സദസ്സിൽ വെച്ച് ചോദിക്കുന്നത് നിഷ്പ്രയോജനമാണ്. എന്നെ പുറത്താക്കാനുള്ള ഒരു ന്യായീകരണം നേടലായിരിക്കും അതിന്റെ അന്തിമ ലക്ഷ്യം.

ഇതിനു ശേഷം ജമാഅത്തിനു നേരെയുള്ള എതിർപ്പു പതിന്മടങ്ങു ശക്തിപ്പെട്ടു. എന്നെയും ചില സുഹൃത്തുക്കളെയും പുറത്താക്കലാണ് അതിന്റെ ഉദ്ദേശ്യമെന്ന് തികച്ചും ബോധ്യപ്പെട്ടു. ഫൈനൽ പരീക്ഷ അടുത്തുകഴിഞ്ഞിരുന്നു. പരീക്ഷാഫീസ് വാങ്ങി ഫോം പൂരിപ്പിച്ചു. പിറ്റേന്ന് രാവിലെ 8 മണിക്ക് നോട്ടീസ് ബോർഡിൽ റിപ്പയർ ആവശ്യാർഥം കോളേജ് 15 ദിവസത്തിന് പൂട്ടിയിരിക്കുന്നു എന്ന ഒരു നോട്ടീസ് പ്രത്യക്ഷപ്പെട്ടു. എല്ലാ വിദ്യാർഥികളും വീട്ടിലേക്ക് പോയി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് (എനിക്കും എൻ.കെ. അബ്ദുൽ ഖാദിർ മൗലവിക്കും മാലി ദ്വീപുകാരൻ അബ്ദുല്ല സഊദിനും) ഓരോ കാർഡ് കിട്ടി. 'കോളേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരായി പ്രവർത്തിക്കുകയും വ്യവസ്ഥകൾ ലംഘിക്കുകയും ചെയ്ത കാരണം 12.11.1952 മുതൽ താങ്കളെ കോളേജിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വേറെ അഞ്ചെട്ടു പേർക്ക് ഒന്നും രണ്ടും മാസത്തേക്ക് സസ്പെന്റ് ചെയതതായും കത്ത് കിട്ടിയിരുന്നു. കോളേജ് തുറന്ന ശേഷം ഞാനും എൻ.കെ.യും ഓഫീസിൽ ചെന്നു വിവരങ്ങളന്വേഷിച്ചു. പ്രിൻസിപ്പാളെ കാണാൻ പോലും ഞങ്ങളെ അനുവദിച്ചില്ല. അപ്പോഴാണ് മനസ്സിലാകുന്നത് എന്റെ പരീക്ഷാഫീസ് അടച്ചിട്ടില്ലെന്ന്. സമയം കഴിയുകയും ചെയ്തിരുന്നു.